ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിലെ പ്രധാന തിരുനാൾ ഭക്തിനിർഭരമായി സമാപിച്ചു

ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ബഹുമാനാർത്ഥം ഒക്ടോബർ 16, 17, 18 തീയതികളിൽ നടത്തിയ പ്രധാന തിരുനാൾ ഭക്തി നിർഭരമായ തിരുക്കർമ്മങ്ങളോടും വർണാഭമായ ആഘോഷങ്ങളോടും കൂടി സമാപിച്ചു. ഇടവകാംഗങ്ങളുടെ വിപുലമായ പങ്കാളിത്തവും യുവജനങ്ങളുടെ സജീവ സഹകരണവും തിരുനാളിനെ വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും അനുഭവമാക്കി മാറ്റി.

തിരുനാളിനു മുന്നോടിയായി നടന്ന നൊവേന, ജപമാല, ആരാധന, അനുരഞ്ജന ശുശ്രൂഷ എന്നിവ വിശ്വാസികളുടെ ആത്മീയ ഒരുക്കത്തിന് സഹായകമായി. തിരുനാൾ ദിവസങ്ങളിലെ വിശുദ്ധ കുർബാന, ലദീഞ്ഞ്, പ്രസംഗങ്ങൾ, പ്രദക്ഷിണം എന്നിവയിൽ നിരവധി വിശ്വാസികൾ പങ്കെടുത്തു. അനുകൂലമായ കാലാവസ്ഥയിൽ നടന്ന ആഘോഷങ്ങൾ ഇടവകയുടെ ആത്മീയവും സാമൂഹികവുമായ ഉണർവിന് വഴിയൊരുക്കി.

തിരുനാളിന്റെ ഒരുക്കങ്ങളിലും നടത്തിപ്പിലും യുവജനങ്ങൾ ശ്രദ്ധേയമായ പങ്കുവഹിച്ചു. വിവിധ സേവന മേഖലകളിൽ ഉത്തരവാദിത്വത്തോടെ പ്രവർത്തിച്ച അവർ തിരുക്കർമ്മങ്ങളുടെയും പ്രദക്ഷിണത്തിന്റെയും ക്രമീകരണങ്ങളിലും ആഘോഷപരിപാടികളിലും സജീവമായി സഹകരിച്ചു. മുതിർന്നവരോടൊപ്പം യുവജനങ്ങളും കുട്ടികളും കൈകോർത്തത് തലമുറകൾ തമ്മിലുള്ള ബന്ധവും ഇടവകയുടെ ഐക്യവും കൂടുതൽ ശക്തമാക്കി.

ഞായറാഴ്ച കമ്യൂണിറ്റി സെന്ററിൽ നടന്ന കലാവിരുന്ന പരിപാടികൾ തിരുനാളാഘോഷങ്ങൾക്ക് മാറ്റുകൂട്ടി. കുട്ടികളും യുവജനങ്ങളും മറ്റ് ഇടവകാംഗങ്ങളും അവതരിപ്പിച്ച വൈവിധ്യമാർന്ന കലാപരിപാടികൾ മികച്ച നിലവാരവും ആകർഷകമായ അവതരണവും കൊണ്ട് ശ്രദ്ധ നേടി. കലാപ്രതിഭകൾക്ക് വേദിയൊരുക്കിയ ഈ പരിപാടികൾ സദസ്സിന് ആസ്വാദനവും കുടുംബങ്ങൾക്ക് സൗഹൃദം പങ്കിടാനുള്ള അവസരവും നല്കി. പരിപാടികളുടെ വിജയത്തിനായി പരിശീലനം നല്കിയവരുടെയും സംഘാടകരുടെയും അണിയറ പ്രവർത്തകരുടെയും സേവനം പ്രശംസനീയമായി.

ഇടവകയിലെ ഏതാണ്ടെല്ലാ കുടുംബങ്ങളും 200 ഡോളർ വീതം സംഭാവന നല്കി തിരുനാളിന്റെ പ്രസുദേന്തിമാരായി പങ്കുചേർന്നത് സമൂഹത്തിന്റെ ഐക്യത്തിന്റെയും പരിശുദ്ധ അമ്മയോടുള്ള ഭക്തിയുടെയും പ്രകടനമായി. തിരുനാളിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി സമയം, അദ്ധ്വാനം, സാമ്പത്തിക സഹായം എന്നിവ സമർപ്പിച്ച സന്നദ്ധപ്രവർത്തകരുടെ കൂട്ടായ സേവനം ആഘോഷങ്ങളുടെ വിജയത്തിൽ നിർണായകമായി.

തിരുനാൾ അനുഗ്രഹപ്രദമായി നടത്താൻ സാധിച്ചതിന് വികാരി ഫാ. അബ്രാഹം മുത്തോലത്ത് ദൈവത്തിന് നന്ദി അർപ്പിച്ചു. സഹവികാരി ഫാ. ജോഷി വലിയവീട്ടിൽ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത വൈദികർ, കൈക്കാരന്മാർ, കമ്മിറ്റി അംഗങ്ങൾ, ഗായകസംഘം, വിവിധ ഭക്തസംഘടനകൾ, യുവജനങ്ങൾ, കലാപരിപാടികളുടെ സംഘാടകർ, പ്രസുദേന്തിമാർ, എല്ലാ ഇടവകാംഗങ്ങൾ എന്നിവർക്കും അദ്ദേഹം നന്ദി അറിയിച്ചു. കൈക്കാരന്മാരായ സജി മരങ്ങാട്ടിൽ, ജെയിംസ് വടക്കേക്കര, സാബു കറുകപ്പറമ്പിൽ, നിധിൻ ജിജോ, തോമസ് വട്ടമറ്റത്തിൽ, ഓഫീസ് സെക്രട്ടറി സിസ്റ്റർ റെജി എസ്.ജെ.സി, ബിബി തെക്കനാട്ട് എന്നിവർ തിരുനാളിന്റെ ഒരുക്കങ്ങൾക്ക് നേതൃത്വം നല്കി.

തിരുനാളിലൂടെ അനുഭവിച്ച വിശ്വാസചൈതന്യവും സ്നേഹവും സഹകരണവും കുടുംബജീവിതത്തിലും ഇടവകജീവിതത്തിലും തുടർന്നും നിലനിർത്തണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.























